# സ്വീകാര്യദ്യോതകമായ സമ്മതപത്രത്തിന്റെ നിർവ്വചനം.

സ്വീകാര്യദ്യോതകമായ സമ്മതപത്രം എന്നത്, അറിഞ്ഞുകൊണ്ടും, സ്വമേധയാലും, പങ്കെടുക്കുന്ന എല്ലാവരും പരസ്പരമറിഞ്ഞുകൊണ്ടും ലൈംഗിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുള്ള തീരുമാനമാണ്. സമ്മതപത്രം വാക്കിലൂടെയോ പ്രവർത്തിയിലൂടെയോ നൽകാവുന്നതാണ്, ആ വാക്കുകളോ പ്രവർത്തികളോ ലൈംഗിക പ്രവർത്തിയിൽ ഏർപ്പെടുന്നതിനുള്ള വ്യക്തമായ അനുവാദം നൽകുകയാണെങ്കിൽ. മൌനമോ, പ്രതിരോധത്തിന്റെ അഭാവമോ സമ്മതമായി കണക്കാക്കുവാനാകില്ല. പങ്കെടുക്കുന്നവരുടെ ലിംഗഭേദം, ലൈംഗിക താല്പര്യം, ലിംഗ വ്യക്തിത്വം, ലിംഗ പ്രകാശനം എന്നിവയുടെ അടിസ്ഥാനത്തിൽ സമ്മതപത്രത്തിന്റെ നിർവ്വചനത്തിൽ വ്യത്യാസം ഉണ്ടാകില്ല.

ഏതെങ്കിലും ലൈംഗിക പ്രവർത്തനത്തിനുള്ള സമ്മതം അഥവാ മുൻ സമ്മതപ്രകാരം നടന്ന പരസ്പരമല്ലതോ, മറ്റാരെങ്കിലുമായി നടന്നതോ ആയ ലൈംഗിക പ്രവർത്തനം പിന്നീട് മറ്റേതെങ്കിലും ലൈംഗിക പ്രവർത്തനത്തിനുള്ള സമ്മതമായി കണക്കാക്കാനാകില്ല.

മദ്യത്തിന്റേയോ ഒപ്പം/അല്ലെങ്കില് മയക്കുമരുന്നിന്റേയോ സ്വാധീനത്തിലാണ് പ്രവർത്തനത്തിൽ ഏർപ്പെടുന്നത് എന്നത് പരിഗണിക്കാതെതന്നെ സമ്മതപത്രം ആവശ്യമാണ്.

സമ്മതം ആദ്യംതന്നെ നൽകേണ്ടതും എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതുമാണ്.

സമ്മതം നൽകുന്നതിനു പ്രാപ്തിയില്ലാത്തവർക്ക് സമ്മതപത്രം നൽകാൻ സാധിക്കുകയില്ല, ലൈംഗിക പ്രവർത്തനത്തിൽ പങ്കെടുക്കുക എന്ന തിരഞ്ഞെടുപ്പ് ബോധപൂർവ്വം ചെയ്യാൻ ഒരു വ്യക്തിക്ക് സാധിക്കാതെ വരുമ്പോഴാണ് ഇത് സംഭവിക്കുന്നത്. സുബോധമില്ലായ്മ, ഉറങ്ങുന്ന അവസ്ഥ, സ്വമേധയാ അല്ലാതെ വിലക്കപ്പെടുക, അഥവാ സമ്മതം നല്കാനാകാത്ത മറ്റ് സാഹചര്യങ്ങൾ ഉണ്ടാകുക എന്നിവ മൂലം സമ്മതം നല്കുന്നതിന് കഴിവില്ലായ്മ ഉണ്ടാകാം. ഉന്മാദാവസ്ഥയുടെ കാഠിന്യം അനുസരിച്ച് ചിലർക്ക് മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിവസ്തുക്കൾ എന്നിവമൂലം പ്രാപ്തിയില്ലാതെ വരുകയും അങ്ങനെ സമ്മതം നൽകുക സാധ്യമല്ലാതെയും വരാം.

ബലപ്രയോഗത്തിലൂടെയോ, ഭീഷണിയിലൂടെയോ, ബലാൽക്കാരമായോ, അപകടപ്പെടുത്തുമെന്നുള്ള ഭീക്ഷണിയിലൂടെയോ ആണെങ്കിൽ സമ്മതം നൽകുവാനാകില്ല.

സമ്മതം പിൻവലിച്ചാലോ, മേലിൽ നൽകാൻ കഴിയില്ലെങ്കിലോ ലൈംഗിക പ്രവർത്തനങ്ങൾ നിർത്തലാക്കേണ്ടതാണ്.

## മയക്കുമരുന്ന്, മദ്യം എന്നിവയുടെ ഉപയോഗം സംബന്ധിച്ച കുറ്റകൃത്യങ്ങളിൽ നിന്നുള്ള പൊതു മാപ്പ്

Rockland Community College ലുള്ള ഓരോ വിദ്യാർത്ഥിയുടേയും ആരോഗ്യവും സുരക്ഷിതത്വവും വളരെ പ്രധാനമാണ്. മദ്യപിക്കുകയോ മയക്കുമരുന്നുകൾ ഉപയോഗിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികൾ (അത്തരം ഉപയോഗം സ്വമേധയാ ഉള്ളതാണെങ്കിലും പരപ്രേരണയിൽ ആണെങ്കിലും) നേരിടുന്ന അതിക്രമങ്ങൾ, അവ വീടിനുള്ളിലെ/സ്ഥാപനത്തിനുള്ളിലെ അതിക്രമങ്ങൾ, ഡേറ്റിംഗ് അതിക്രമങ്ങൾ, പിന്തുടർന്ന് ശാരീരികവും മാനസികവുമായി നടത്തുന്ന അതിക്രമങ്ങൾ അല്ലെങ്കിൽ ലൈംഗിക അതിക്രമങ്ങൾ എന്നിവ ഉൾപ്പെടുന്നതും ഇവയിൽ പരിമിതപ്പെടാത്തതുമാണ്, അവരുടെ സ്വന്തം പെരുമാറ്റത്തിന്റെ പരിണിത ഫലങ്ങൾ ഭയന്ന് റിപ്പോർട്ട് ചെയ്യാൻ മടിച്ചേക്കുമെന്ന് RCC തിരിച്ചറിഞ്ഞിട്ടുണ്ട്. വീടിനുള്ളിൽ/സ്ഥാപനത്തിനുള്ളിൽ നടക്കുന്ന അക്രമങ്ങൾ, ഡേറ്റിംഗ് അതിക്രമങ്ങൾ, പിന്തുടർന്ന് ശാരീരികവും മാനസികവുമായി നടത്തുന്ന അതിക്രമങ്ങൾ എന്നിവ സ്ഥാപന അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുന്നത് RCC ശക്തമായി പ്രോത്സാഹിപ്പിക്കുന്നു. വീടിനുള്ളിൽ/സ്ഥാപനത്തിനുള്ളിൽ നടക്കുന്ന അക്രമങ്ങൾ, ഡേറ്റിംഗ് അതിക്രമങ്ങൾ, പിന്തുടർന്ന് ശാരീരികവും മാനസികവുമായി നടത്തുന്ന അതിക്രമങ്ങൾ അല്ലെങ്കിൽ ലൈംഗിക അതിക്രമങ്ങൾ എന്നിവ RCC അധികാരികൾക്കോ നിയമസംരക്ഷകർക്കോ മുന്നിൽ സദുദ്ദേശത്തോടെ റിപ്പോർട്ട് ചെയ്യുന്ന വിശ്വസ്തനായ വ്യക്തി അല്ലെങ്കിൽ റിപ്പോർട്ടു ചെയ്യുന്ന വ്യക്തി, വീടിനുള്ളിൽ/സ്ഥാപനത്തിനുള്ളിൽ നടക്കുന്ന അക്രമങ്ങൾ, ഡേറ്റിംഗ് അതിക്രമങ്ങൾ, പിന്തുടർന്ന് ശാരീരികവും മാനസികവുമായി നടത്തുന്ന അതിക്രമങ്ങൾ അല്ലെങ്കിൽ ലൈംഗിക അതിക്രമങ്ങൾ എന്നിവ നടക്കുന്ന സമയത്തോ അതിനോട് അടുത്ത സമയത്തോ ആൽക്കഹോൾ ഒപ്പം/അല്ലെങ്കിൽ ലഹരി മരുന്ന് ഉപയോഗിച്ചതിന്റെ പേരിൽ RCC's ലെ നിലവിലുള്ള പെരുമാറ്റച്ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയമാകേണ്ടിവരില്ല.

## വിദ്യാർത്ഥികൾക്കുള്ള അവകാശപത്രിക

എല്ലാ വിദ്യാർത്ഥികൾക്കും ഇനി പറയുന്നവയ്ക്കുള്ള അവകാശങ്ങളുണ്ട്:

പ്രാദേശിക നിയമ നിർവ്വഹണ കേന്ദ്രത്തിലും ഒപ്പം/അഥവാ സംസ്ഥാന പോലീസിലും റിപ്പോർട്ട് നൽകുക;

വീടിനുള്ളിൽ/സ്ഥാപനത്തിനുള്ളിൽ നടക്കുന്ന അക്രമങ്ങൾ, ഡേറ്റിംഗ് അതിക്രമങ്ങൾ, പിന്തുടർന്ന് ശാരീരികവും മാനസികവുമായി നടത്തുന്ന അതിക്രമങ്ങൾ അല്ലെങ്കിൽ ലൈംഗിക അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച വെളിപ്പെടുത്തലുകൾ ഗൗരവപൂർവ്വം നേരിടുക;

ഒരു കുറ്റകൃത്യം അല്ലെങ്കിൽ നിയമലംഘനം വെളിപ്പെടുത്തണോ വേണ്ടയോ എന്നതു സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനും, സ്ഥാപനത്തിന്റെ സമ്മർദ്ദം കൂടാതെ തന്നെ വിചാരണാ പ്രക്രിയ ഒപ്പം/അല്ലെങ്കിൽ സ്വഭാവ വിചാരണ ഒപ്പം/അല്ലെങ്കിൽ കുറ്റകൃത്യം സംബന്ധിച്ച വിചാരണ ഇവയിൽ പങ്കെടുക്കുന്നതിനും ഉള്ള അവകാശം;

ന്യായപരവും, നിഷ്പക്ഷവുമായതും മതിയായ ശ്രദ്ധയും കാര്യങ്ങൾ ബോദ്ധ്യപ്പെടുന്നതിന് അർത്ഥപൂർണ്ണമായ അവകാശവുമുള്ള ഒരു വിചാരണയിൽ പങ്കെടുക്കുക;

അന്തസ്സോടെയുള്ള പെരുമാറ്റം അർഹിക്കുന്നു, കൂടാതെ മര്യാദയോടു കൂടിയതും, നീതിപൂർവ്വകവും, ബഹുമാനപൂർണ്ണവുമായ ആരോഗ്യ പരിപാലന, കൌൺസിലിങ്ങ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുക;

കുറ്റകൃത്യങ്ങളും, അക്രമങ്ങളും നടക്കുന്ന അവസരത്തിൽ, അത് റിപ്പോർട്ട് ചെയ്യുന്ന വ്യക്തി കുറ്റക്കാരനാണെന്ന തരത്തിൽ  അല്ലെങ്കിൽ അത്തരം കുറ്റകൃത്യങ്ങളും, അക്രമങ്ങളും  ഒഴിവാക്കാൻ വ്യത്യസ്ഥമായ രീതിയിൽ പ്രവർത്തിക്കേണ്ടതായിരുന്നു എന്നതരത്തിലുള്ള  നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാതിരിക്കുക;

പ്രായോഗികമായ തരത്തിൽ സ്ഥാപനത്തിന്റെ ഏതാനും പ്രതിനിധികളോട് സംഭവം വിവരിക്കുക, സംഭവത്തിന്റെ വിവരണം അനാവശ്യമായി ആവർത്തിക്കേണ്ടതില്ല.

സ്ഥാപനം, ഏതെങ്കിലും വിദ്യാർത്ഥി, കുറ്റക്കാരൻ ഒപ്പം/അല്ലെങ്കിൽ പ്രതി ഒപ്പം/ അല്ലെങ്കിൽ അവരുടെ കൂട്ടുകാർ, കുടുംബാംഗങ്ങൾ, പരിചയക്കാർ എന്നിവരിൽ നിന്നുള്ള പ്രതികാരത്തില് നിന്ന് സുരക്ഷിതരായിരിക്കുക;

തീരുമാനത്തിനെതിരെ നിവേദനത്തിന്റെ ആദ്യ തലം വരയെങ്കിലും എത്താനുള്ള അവസരം.

റിപ്പോർട്ടു ചെയ്യുന്ന ഒരു വ്യക്തി, കുറ്റാരോപിതൻ അല്ലെങ്കിൽ പ്രതിയെ ഇതുമായി ബന്ധപ്പെട്ട മീറ്റിങ്ങുകളും വാദം കേൾക്കലുകളും ഉൾപ്പടെയുള്ള നിയമ വിചാരണ അല്ലങ്കിൽ കണ്ടക്ട് പ്രോസസ്സിൽ ഉടനീളം സഹായിക്കുകയും ഉപദേശം നൽകുകയും ചെയ്യുന്ന ഒരു ഉപദേശകനെ ഒപ്പം കൂട്ടുക.

അന്വേഷണ പ്രക്രിയ, ക്രിമിനൽ ജസ്റ്റിസ്  അല്ലെങ്കിൽ നിയമപരമോ സ്ഥാപനത്തിന്റെ കണ്ടക്ട് പ്രക്രിയ സംബന്ധിച്ചുള്ളതോ ആയ നടപടിക്രമങ്ങൾ എന്നിവയുടെ ഇടപെടൽ കൂടാതെ പൗരാവകാശങ്ങൾ നിർവ്വഹിക്കുകയും മതാചാരങ്ങൾ പിന്തുടരുകയും ചെയ്യുക.

വർഗ്ഗം, വർണ്ണം, ദേശീയത, മതം, വിഭാഗം, പ്രായം, വൈകല്യം, ലിംഗഭേദം, ലിംഗ വ്യക്തിത്വം അല്ലെങ്കിൽ പെരുമാറ്റം, ലൈംഗിക താൽപ്പര്യം, കുടുംബ മഹിമ, ഗർഭാവസ്ഥ, സ്വാധീനം ചെലുത്തുന്ന ജനിതക സവിശേഷതകൾ , മിലിട്ടറി സ്റ്റാറ്റസ്, വീടിനുള്ളിലെ അതിക്രമങ്ങൾക്ക് ഇരയായവർ, ക്രിമിനൽ കുറ്റം ചുമത്തൽ, കുറ്റകൃത്യം അല്ലെങ്കിൽ നിയമലംഘനം ക്യാമ്പസിന് അകത്തോ പുറത്തോ, വിദേശത്തു പഠിക്കുമ്പഴോ നടന്നത് എന്നിവയൊന്നും പരിഗണിക്കാതെ തന്നെ അവകാശങ്ങൾ ബാധകമാണ്.

"യൂണിവേഴ്സിറ്റി പോലീസ് അഥവാ ക്യാമ്പസ് സുരക്ഷാ ഉദ്യോഗസ്ഥർ, പ്രാദേശിക നിയമ പാലകർ ഒപ്പം/അഥവാ സംസ്ഥാന പോലീസ് എന്നിവർക്ക് റിപ്പോർട്ട് ചെയ്യുവാൻ അല്ലെങ്കിൽ റിപ്പോർട്ടു ചെയ്യാതിരിക്കാൻ തീരുമാനിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്; സംഭവം നിങ്ങളുടെ സ്ഥാപനത്തിൽ അറിയിക്കുന്നതിനും; ഒരു സംഭവം റിപ്പോർട്ടു ചെയ്തതിന്റെ പ്രതികാര നടപടികളിൽ നിന്ന് സ്ഥാപനത്തിനാൽ സംരക്ഷിക്കപ്പെടുന്നതിനും; നിങ്ങളുടെ സ്ഥാപനത്തിൽ നിന്ന് സഹായവും ഉപാധികളും ലഭിക്കുന്നതിനും നിങ്ങൾക്ക് അവകാശമുണ്ടായിരിക്കും.

"